

# ചിരസ്മരണ

RAMAKRISHNA MISSION HIGHER SECONDARY SCHOOL

Little Kites Magazine 2023-'24




"Education is the bridge that connects ignorance to knowledge and darkness to light

Swami Vivekananda

# RAMAKRISHNA MISSION HIGHER SECONDARY SCHOOL

In 1945, a Gurukulam was started with six orphan boys, who had lost their parents in a cholera epidemic. In 1954, a school was started by Swami Vipapmananda, who went door to door to ensure that the local girl children were educated.

The young minds should be trained in such a way as they would be ready to absorb noble ideas and make themselves self-respecting, self-reliant, bold, intelligent and noble citizens of our country. It is with this end in view a Students Home and Schools were started. There was a Higher Elementary School, Primary School and Students' Home for Boys.





# അറിവിൻ തിരിനാളം തെളിയട്ടെ

To give more facilities for education to the children of the neighbouring villages the Higher Elementary School was converted in to a High School in 1953. The High School was upgraded to Higher Secondary in the year 2000.The School sustains high academic levels and hence much sought after by the parents.




It is a haven for the students from economically weaker sections of the society; the reason being the high standards it maintains and the values of human service it upholds in all realms of life.



മനുഷ്യ മസ്തിഷ്കത്തിൽ ഉദിക്കുന്ന ചിന്തകളുടെ രൂപീകരണമാണ് വാക്കുകൾ. വാക്കുകൾ കോർത്ത് സുന്ദരമായ മാല രൂപത്തിൽ അവതരിപ്പിക്കുന്നു ഭാഷ. ചിന്തകളെ ലോകത്തിലേക്ക് നൽകാനുള്ള മാധ്യമമാണ് ഭാഷ. കായിക തലത്തിൽ ഒരു കുട്ടി നടക്കാൻ തുടങ്ങുന്ന അതേ അവസ്ഥയാണ് ഭൗതിക തലത്തിൽ ആ ശിശു സംസാരിക്കാൻ തുടങ്ങുമ്പോൾ ഉണ്ടാവുന്നത്. ചെറുപ്രായത്തിൽ തന്നെ ഭാഷ ഉപയോഗിക്കാനും വിവിധ അർത്ഥങ്ങളിൽ വാക്കുകളെ പ്രയോഗിക്കാനും ശീലിക്കുന്നത് ഭൗതികതലത്തിൽ മാത്രമല്ല സാംസ്കാരിക,മാനവിയ തലങ്ങളിലും പ്രധാനപ്പെട്ട ഘടകമാണ്.മനുഷ്യനെ മനുഷ്യനാക്കുന്നത് ചിന്താശേഷിയാണ്.ചിന്തകളെ ചരിത്ര പുരങ്ങളിൽ രേഖ പ്പെടുത്തുന്നത് ഭാഷയാണ്.

ഈ കാലഘട്ടത്തിൽ ചിന്തകളെ അവതരിപ്പിക്കാനുള്ള മാധ്യമം എന്നു മാത്രമല്ല,ഒരു സംസ്കാരത്തിന്റെ ,സമൂഹത്തിന്റെ,രാഷ്ട്രത്തിൻറെ പരിചയം കൂടി ആയിരിക്കുന്നു ഭാഷ.പല സമൂഹങ്ങളും ഭാഷയുടെ

രാഷ്ട്രീയം ,ഭാഷയുടെ ചരിത്രം എന്നു തുടങ്ങി ഭാഷയെ മാത്രം ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത് .ചില രാജ്യങ്ങൾ ഭാഷയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട് .ഇത്തരം പ്രധാനപ്പെട്ട ഭാഷ സാങ്കേതിക പുരോഗമനത്തിൽ രൂപം മാറുകയും,വികൃതപ്പെടുകയും ഉണ്ടായിട്ടുണ്ട്.ഈ പശ്ചാത്തലത്തിൽ ഡിജിറ്റൽ മാഗസിനിലുള്ള വിദ്യാർത്ഥികളുടെ സർഗാത്മക വെളിപ്പെടുത്തുന്നത് പ്രശംസർഹമാണ്. ഈ ഡിജിറ്റൽ മാഗസിൻ ഭാവിയിൽ സങ്കല്പ സൃഷ്ടിയുടെ ലോകത്തിലേക്ക് വിദ്യാർത്ഥികൾക്ക് ഒരു ക്ഷണക്കത്ത് ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇത്തരം സംരംഭങ്ങൾ അധികരിക്കട്ടെ എന്നും അവൻ നമ്മുടെ വിദ്യാർത്ഥി സമൂഹത്തെ പ്രചോദിപ്പിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

സ്വാമി നരസിംഹാനന്ദജി
മാനേജർ



വിവരസാങ്കേതികവിദ്യയിൽ അനുനിമിഷം കുതിച്ചു കൊണ്ടിരിക്കുന്ന ഈ ആധുനിക കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ് സ് കുട്ടികൾ സർഗ്ഗവാസനകളെ ഡിജിറ്റൽ മാഗസിനായി അവതരിപ്പിക്കുന്നു ഈ രംഗത്ത് മികവാർന്ന പ്രവർത്തനം കാഴ്ചവെക്കാൻ തുടർന്നും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

മനോജ് കുമാർ ജി

പ്രിൻസിപ്പാൾ



ഈ ഡിജിറ്റൽ യുഗത്തിൽ ഡിജിറ്റലായി മാഗസിൻ തയ്യാറാക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ കുട്ടികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ശാന്തകുമാർ കെ
ഹെഡ്മാസ്റ്റർ

LITTLE KITES UNIT RKMHSS





Little Kites Batch 2023-'26 (Class 8)



Little Kites Batch 2022-'25 (Class 9)



Little Kites Batch 2021-24(class 10)

# മഴ പെയ്യും നേരം



പള്ളിക്കൂടം വിട്ട നേരത്ത്,
വാനം കരയും സമയത്ത്
കുടയില്ലാ ദുഃഖത്തിൽ ഞാനവിടെ
മഴ നൽകും നേരം കാത്തിരുന്നു
കുടെയില്ല തോഴിയെ കൂടെ കൂട്ടാൻ
അകലെ നിന്നൊരാൾ തിരികെ വന്നു.
കുടയില്ലാത്തെന്നെ കുടയിൽ നിർത്തി
മഴയത്ത് ഞങ്ങൾ പോയ്മറഞ്ഞു.



ലിബ ഫാത്തിമ, 7B





Hadi Zain,



നമസ്കാരം!
“ഒരു ഷേപ്പ് സൺഗ്ലാസ്”
ലൂപ്പി നീ നാളെ വരുമ്പോൾ എനിക്ക് വേണ്ടി ഒരു ഷേപ്പ് ഉള്ള ഒരു സൺഗ്ലാസ് കൊണ്ടുവരുമോ?
പിറ്റേന്ന് -
???

# കടൽക്കുഞ്ഞ്

ഹനിൻ സിയാൻ അബ്ദുൽ റഷീദ്, 8- I

ഈ തിരമാലകളിൽ
എന്നോർമകൾ നിറയുന്നു
ഞാനെന്തോ തിരയുന്നു.

ഈ തിരമാലകളിൽ
എന്നാശകൾ ഒഴുകുന്നു.
എൻ പ്രാണൻ അലിയുന്നു.

എന്നിട്ടും- അവ ശാന്തരായ്?

ഈ കടൽ തീരത്ത് ഞാൻ
നിശബ്ദനായി-
ഈ മൺതരികളെണ്ണി.

സ്വർഗ്ഗതുല്യം മയങ്ങിയോ?

അങ്ങനെ സർപ്പം
നിശ്ചയം!
ആ അനർഘനിമിഷം

ദൂരെ ദൂരെ തീരങ്ങൾതേടി-
അലയുന്ന തോണികൾ

നാമം ജപിച്ച് നടന്നടുക്കുന്നു-
നാണം കുണുങ്ങിയാം
സന്ധ്യപ്പെൺകൊടി-

എന്റെ മനം നിറഞ്ഞു-
ഞാൻ തേടി നടന്നു
ഇനിയും തനിച്ചായ് കടൽ

ഈ തിരമാലകൾ
ഇരുളിൻ നിശ്ശബ്ദതയിൽ
താഴ്ന്നു പോകവേ.





# ഗണിതവും ജീവിതവും

ഗിരിധരൻ. എ. എസ്

ഒരിടത്ത് അപ്പു,, രാജു എന്ന് പേരുള്ള രണ്ട് സഹോദരങ്ങൾ ഉണ്ടായിരുന്നു. അച്ഛനും അമ്മയും അധ്യാപകർ ആയിരുന്നു. അപ്പു പഠനത്തിൽ വളരെ മിടുക്കനായിരുന്നു. എന്നാൽ രാജു ആകട്ടെ പഠനത്തിൽ തീരെ, താല്പര്യം ഇല്ലാതെ ക്ലാസിൽ ശ്രദ്ധിക്കാതെ അലഞ്ഞു തിരിഞ്ഞു നടക്കുമായിരുന്നു. അവന്റെ അച്ഛനും അമ്മയും അവനെ ദിവസവും ശകാരിക്കും. അതുപോലെതന്നെ അധ്യാപകരും അവനെ പഠിക്കാൻ പറയുകയും ശകാരിക്കുകയും ഉപദേശിക്കുകയും ചെയ്യുമായിരുന്നു. അവൻ അത് കേൾക്കുകയോ അനുസരിക്കുകയോ അതിനു താല്പര്യപ്പെടുകയോ ചെയ്തില്ല.

അപ്പുവിന് ആകട്ടെ തന്റെ മാതാപിതാക്കളെ പോലെ പഠിച്ച് അധ്യാപകൻ ആവാനായിരുന്നു താല്പര്യം. അച്ഛനും അമ്മയ്ക്കും തങ്ങളുടെ മക്കളെ വലിയ നിലകളിൽ എത്തിക്കണമെന്നായിരുന്നു. അപ്പുവിന്റെ സഹോദരനെ എന്നും പഠിപ്പിക്കാൻ കൂടെ ഇരുത്തും. എന്നാൽ രാജു ഇതൊന്നും കേൾക്കാൻ തയ്യാറായില്ല. ഓൾ പാസ് ഉള്ളതിനാൽ പത്താം ക്ലാസ് വരെ രാജു തട്ടിമുട്ടി പാസായി അപ്പോഴാണ് രാജുവിന് വ്യാപാരം ആരംഭിക്കണമെന്ന് ആഗ്രഹം വന്നത്. രാജു ഇത് അച്ഛനോടും അമ്മയോടും പോയി അഭിപ്രായപ്പെട്ടു. കൃത്യമായി ഒന്ന് കണക്കുകൂട്ടാൻ പോലും അറിയാത്തവൻ ഇത് യോജിച്ചതല്ലെന്ന് അവർ അവനോടു പറഞ്ഞു.

അവൻ അതിന് വകവെക്കാതെ തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അപ്പു ആകട്ടെ തന്റെ ആഗ്രഹം പോലെ ഒരു വലിയ അധ്യാപകനായി തീർന്നു. അച്ഛനും അമ്മയും സന്തോഷവാന്മാരായി.

അങ്ങനെ ഒരിക്കൽ രാജു ഒരു പെട്ടിക്കട ആരംഭിച്ചു. ഒരു കുട്ടി രാജുവിന്റെ കടയിൽ നിന്ന് 20 രൂപക്ക് സാധനം വാങ്ങിയിട്ട് 50 രൂപ കൊടുത്തു രാജുവിൻ കണക്കറിയാത്തതിനാൽ 40 രൂപ തിരിച്ചു കൊടുത്തു. കുട്ടി നാല്പത് രൂപയും കൊണ്ട് പോയി. കുറച്ചു കഴിഞ്ഞപ്പോൾ ഒരു നല്ല മനുഷ്യൻ വന്നു രാജുവിന്റെ കടയിൽ നിന്ന് 35 രൂപയുടെ സാധനം വാങ്ങിയിട്ട് 50 രൂപ കൊടുത്തു. രാജു 20 രൂപ ബാക്കി കൊടുത്തു. അദ്ദേഹം പറഞ്ഞു ബാക്കി 15 ആണെന്ന്. രാജു അദ്ദേഹത്തോട് : ചോദിച്ചു 20 രൂപക്ക് സാധനം വാങ്ങിയിട്ട് 50 രൂപ തന്നാൽ തിരിച് എത്ര രൂപ കൊടുക്കണമെന്ന്?. അദ്ദേഹം 30 എന്ന് പറഞ്ഞു. അപ്പോഴാണ് അവൻ ഓർത്തത് നേരത്തെ സാധനം വാങ്ങാൻ വന്ന കുട്ടി തന്നെ പറ്റിച്ചെന്ന്. തനിക്ക് ഇത് നഷ്ടമാണെന്ന് അവൻ മനസ്സിലാക്കി. അപ്പോൾ രാജു ചിന്തിച്ചു വ്യാപാരം ചെയ്യാൻ ഗണിതം നിർബന്ധമാണെന്ന്. അപ്പോൾ രാജു അച്ഛനെയും അമ്മയുടെയും വാക്കുകളുടെ മഹത്വം തിരിച്ചറിഞ്ഞു. അന്ന് മുതൽ അവൻ തന്റെ വ്യാപാരത്തിനു വേണ്ടി അപ്പുവിനോടും മാതാപിതാക്കളോടും ചോദിച്ചു ഗണിതം പഠിക്കാൻ തീരുമാനിച്ചു. രാജു അങ്ങനെ ഗണിതം പഠിച്ചു ഒരു വലിയ വ്യാപാരം തുടങ്ങി. എന്നിട്ട് കുറെ ലാഭങ്ങൾ ഉണ്ടാക്കി. പൈസ ഉണ്ടാക്കി ഒരു സൂപ്പർ മാർക്കറ്റ് വെച്ചു. അപ്പോൾ അവൻ അപ്പുവിനെയും മാതാപിതാക്കളെയും ഓർത്തു. പിന്നീട് അവർ സന്തോഷമായി ജീവിച്ചു.

ഗോദാവരി നദീതീരത്ത് മായ എന്നൊരു കുട്ടി സന്തോഷത്തോടെ ജീവിച്ചിരുന്നു. മായയുടെ ഏഴാം പിറന്നാളിന് അവൾക്ക് കിട്ടിയ സമ്മാനമായിരുന്നു ഒരു വെളുത്ത നിറമുള്ള സുന്ദരനായ പൂച്ച. അന്നുമുതൽ അവളും ആ പൂച്ചയും നല്ല കൂട്ടുകാരായിരുന്നു .

# മായ പഠിച്ച പാഠം



അളകനന്ദ . പി, 5 E

ആ പൂച്ച മായയുടെ വീട്ടിലുള്ളതുകൊണ്ട് എലി ശല്യം ഒഴിവായി. മായ മുറ്റത്ത് കളിക്കാൻ പോകുമ്പോൾ അവളുടെ പൂച്ചയെയും ഒപ്പം കൂട്ടും. അങ്ങനെ  അവളുടെ എട്ടാം പിറന്നാൾ ആയി. അന്ന് സമ്മാനമായി കിട്ടിയത് ഒരു കുഞ്ഞു നായക്കുട്ടിയെയായിരുന്നു. അതിനുശേഷം പൂച്ചയെക്കാളും അവൾ ഇഷ്ടപ്പെട്ടത് ആ നായക്കുട്ടിയെയായിരുന്നു. മായ തന്നെ ഇഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തിയ പൂച്ച തൊട്ടടുത്തുള്ള ഗ്രാമത്തിലേക്ക് ഓടിപ്പോയി. മായയെ വിട്ട് പോകുമ്പോഴും  പൂച്ചയ്ക്ക് വളരെ സങ്കടമായിരുന്നു. ഇനി ഞാൻ ഒരിക്കലും അങ്ങോട്ട് പോകില്ല എന്ന് ആ പൂച്ച ഉറപ്പിച്ചു. ഇതേ സമയം മായയുടെ വീട്ടിലേക്ക് എലികളും വന്നുതുടങ്ങി. ഒരു  ദിവസം നമ്മുടെ  മായ സ്ക്കൂൾ വിട്ടു വീട്ടിലേക്ക് വന്നപ്പോൾ നായക്കുട്ടിയെ കണ്ടില്ല. മായക്ക് മനസ്സിലായി ആ നായക്കുട്ടി വീട് വിട്ടു പോയതാണെന്ന് . അവൾക്ക് ഒരുപാട് സങ്കടമായി . പൂച്ചയും നായയും തന്നെ വിട്ടു പോയിരിക്കുന്നു എന്ന് ആലോചിച്ചിട്ട്  മായ കരയാൻ തുടങ്ങി. ഇത് അവൾക്ക് വലിയൊരു പാഠമായിരുന്നു. പുതിയ കൂട്ടുകിട്ടിയാൽ നമ്മുടെ പഴയ ചങ്ങാതിമാരെ ഒറ്റപ്പെടുത്തരുതെന്ന് മായ മനസ്സിലാക്കി.